(ഇ) സെക്ഷൻ ഓഫീസർ നിയമനത്തിൽ റേഷ്യോ കൃത്യമായി പാലിക്കുന്നുണ്ട്.

(എഫ്)&(ജി) ടൈപ്പിസ്റ്റ്, സി.എ. വിഭാഗത്തിൽനിന്ന് സെക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിച്ചവർ തമ്മിൽ ചില കേസുകൾ ഹൈക്കോടതി മുമ്പാകെയുണ്ട്. ടി കേസുകളിലെ കോടതി തീരുമാനമനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സ്പോർട്സ് ക്വാട്ടപ്രകാരമുള്ള നിയമനത്തിന്റെ മാനദണ്ഡം

22 (1490) ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ നിയമനങ്ങളിൽ സ്പോർട്സ് ക്വാട്ടയിൽ നിന്നുള്ള നിയമനത്തിന്റെ അനുപാതം വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, നിലവിലുള്ള ശതമാനം എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി. തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രസ്തുത വർദ്ധനവ് ബാധകമാണോ ;

(ഡി) സ്പോർട്സ് ക്വാട്ട മുഖേനയുള്ള നിയമനത്തിന് സർക്കാർ സ്വീകരിക്കുന്ന മാനദണ്ഡം വിശദീകരിക്കുമോ ?

ഉത്തരം

(എ)&(ബി) സർക്കാർ നിയമനങ്ങളിൽ സ്പോർട്സ് ക്വാട്ടാ അനുവദിച്ചിട്ടില്ല. എന്നാൽ 11-1-1978-ലെ ജി.ഒ.(എം.എസ്)21/78/ജിഎഡി. ഉത്തരവ് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എഴുത്തു പരീക്ഷ വഴിയും ഇന്റർവ്യൂ വഴിയും തെരഞ്ഞെടുപ്പ് നടത്തുന്ന ക്ലാസ് '4', ക്ലാസ് '3' തസ്തികകളിലേയ്ക്കുള്ള എഴുത്തു പരീക്ഷകൾക്കും ഇന്റർവ്യൂകൾക്കും കായിക താരങ്ങൾക്ക് 30 ശതമാനം വരെ അധികമാർക്ക് (എക്സ്ട്രാ മാർക്ക്) നൽകുന്നതിന് വ്യവസ്ഥയുണ്ട്.

(സി) ചോദ്യമുദിക്കുന്നില്ല.

(ഡി) പ്രഗൽഭ കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നേരിട്ട് നിയമനം നൽകുന്ന പദ്ധതി പ്രകാരം അപേക്ഷ ക്ഷണിച്ച് കായികതാരങ്ങളുടെ ഏറ്റവും മികച്ച നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ പ്രതിവർഷം തെരഞ്ഞെടുക്കുന്ന 20 പേരെ വിവിധ തസ്തികകളിൽ അവരുടെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമിക്കുന്നു.

സ്പോർട്സ് ക്വാട്ടയിൽ ജോലി

23 (1491) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ എത്ര ശതമാനമാണ് സ്പോർട്സ് ക്വാട്ടയിൽ നികത്തുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly